## നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

**(1) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൂടുതൽ സംസാരിക്കാനില്ല, കാര്യങ്ങൾ വ്യക്തമാണ്.

(പ്രസ്തുത ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. മുഹമ്മദ് മുഹസിൻ. പി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.യിൽ യുവജനങ്ങൾ ഏറെ പ്രതീക്ഷയോടുകൂടി വിശ്വാസം അർപ്പിക്കുന്നു. ഇന്ന് പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് നമ്മുടെ യുവാക്കൾക്ക് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. കേരളത്തിലെ ഉദ്യോഗാർത്ഥികളെയും യുവാക്കളെയും സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ പ്രതിപക്ഷം ഇവിടെ ഇല്ലാതിരിക്കുന്നത് വളരെ ഖേദകരമാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലം അപ്രഖ്യാപിത നിയമന നിരോധനം നടത്തിയവരാണ് ഇന്ന് പ്രതിപക്ഷത്തിരിക്കുന്നത്. ധാരാളം യുവതി-യുവാക്കൾ വളരെ പ്രതീക്ഷയോടുകൂടി പരീക്ഷകളെഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് ജോലിക്കുവേണ്ടി കാത്തിരുന്നിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ നിയമനങ്ങൾ നടത്താതെ ലിസ്റ്റുകൾ മാറ്റിവച്ച്

അവരുടെ പ്രതീക്ഷകൾ ഇവർ നഷ്ടപ്പെടുത്തി. അതുകൊണ്ടു തന്നെ ഈ നിയമനിർമ്മാണം നടക്കുന്ന സമയത്ത് പല ചോദ്യങ്ങളും അവരിലേയ്ക്ക് ഉയരുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് പ്രധാനപ്പെട്ട ഈ ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുക്കാതെ അവർ മാറിനിന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപംകൊണ്ടതിന് ശേഷം ആദ്യമായാണ് നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചുകൊണ്ടുള്ള ചർച്ച നടക്കുന്നത്. 2010 ആഗസ്റ്റ് 26-ാം തീയതിയാണ് ഈ ട്രൈബ്യൂണൽ നിലവിൽ വന്നത്. വളരെ പ്രധാനപ്പെട്ട ഒരു ട്രൈബ്യൂണലായതുകൊണ്ട് പിൻവാതിലിലൂടേയോ, മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അല്ലാതെ യോഗ്യരായിട്ടുള്ള ആളുകൾ ഈ വകുപ്പിൽ ജോലി ചെയ്യണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടുള്ളത്. പി.എസ്.സി.-യുടെ കാര്യത്തിൽ കൃത്യമായ ഒരു മോണിറ്ററിംഗ് നടക്കേണ്ടതുണ്ട്. ഇതിന്റെ മൂലനിയമമായ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്ട്, 1985 പ്രകാരം റിക്രൂട്ട്മെന്റും സർവ്വീസ് സംബന്ധമായ വിഷയങ്ങളും ഈ ട്രൈബ്യൂണലിന്റെ അധികാര പരിധിയിലാണ് വരുന്നത്. റിക്രൂട്ട്മെന്റ് ഏജൻസിയായ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. റിക്രൂട്ട്മെന്റിന്റെ കാര്യത്തിലും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ

പരീക്ഷ നടത്താനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും വലിയ കാലതാമസം നേരിടുന്നുണ്ട്. പതിനൊന്ന് മാസം മുതൽ ആറര വർഷത്തോളം കാലതാമസം വരുത്തിയെന്നാണ് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നത്. 128 തസ്തികകളിലായി കുറഞ്ഞത് 452 ഒഴിവുകളിൽ പി.എസ്.സി. വിജ്ഞാപനം ചെയ്യേണ്ടതുണ്ടെന്നാണ് സി. ആന്റ് എ.ജി. പറഞ്ഞിട്ടുള്ളത്. ചോദ്യകർത്താവ് തന്നെ പരീക്ഷ എഴുതിയെന്ന ആക്ഷേപവും ഇതിനുമുമ്പ് വന്നിട്ടുണ്ടായിരുന്നു. ഒഴിവുകൾ നികത്താനുള്ള നടപടികൾ നീണ്ടുപോകുന്നതുകാരണം ധാരാളം ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെടുന്നു. ഇപ്പോൾത്തന്നെ റാങ്ക് ലിസ്റ്റുകൾ റദ്ദ്ചെയ്യുതുകൊണ്ട് പ്രായപരിധി കഴിഞ്ഞ ഒരുപാട് ആളുകൾക്ക് ലാസ്റ്റ് ചാൻസും നഷ്ടപ്പെട്ട അവസ്ഥയാണുള്ളത്. ഉദ്യോഗാർത്ഥികളുടെ കുറ്റം കൊണ്ടല്ല ഇതൊക്കെ സംഭവിക്കുന്നത്. പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ രണ്ടു ലക്ഷത്തിലധികംപേർ എഴുതിയ എൽ.ഡി. ക്ലാർക്ക് പരീക്ഷയുടെ ചോദ്യപേപ്പറുമായി ബന്ധപ്പെട്ട് വിവാദമുണ്ടായി. ഒരു വിദ്യാഭ്യാസ മാസികയിൽ വന്ന ഓപ്ഷനടക്കമുള്ള എട്ടോളം ചോദ്യങ്ങൾ അതേപടി ചേർത്തു എന്നാണ് ആക്ഷേപമുണ്ടായത്. ആദ്യമായാണ് പരീക്ഷയ്ക്ക് സിലബസ് കൊടുക്കുന്നത്; അതിൽ സിലബസിന് പുറത്തുനിന്നുള്ള ഇന്റർനാഷണൽ ചോദ്യങ്ങളാണ് കൂടുതലായി ചോദിച്ചത്. അതുപോലെതന്നെ

ചോദ്യപേപ്പറിൽ വംശീയമായി അധിക്ഷേപിക്കുന്ന തരത്തിലുള്ള ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. 'സുഡാനിലെ നീഗ്രോകളെ നമ്മൾ എന്തു വിളിക്കുന്നു' എന്നാണ് ചോദ്യം. അതിന് കാപ്പിരികൾ മുതലായ ഓപ്ഷൻസാണ് കൊടുത്തിട്ടുള്ളത്. വേണ്ടവിധത്തിൽ ചിന്തിക്കാതെ, യോഗ്യതയില്ലാത്തവർ തയ്യാറാക്കിയ ചോദ്യങ്ങളായിരിക്കും ഇവ. പത്താം ക്ലാസ്സ് പാഠപുസ്തകത്തിന്റെ ഗൈഡിൽ നിന്നും അതേപടി പകർത്തിയ ചില ചോദ്യങ്ങളും അതിലുണ്ട്. ഒരേ ടോപ്പിക് ആവർത്തിച്ച് ഒരേ പരീക്ഷയിൽ ചോദിക്കുന്നതും കണ്ടിട്ടുണ്ട്. ഇത്തരത്തിൽ ചോദ്യപേപ്പറുമായി ബന്ധപ്പെട്ടുകൊണ്ട് പല തരത്തിലുള്ള വിവാദങ്ങളുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാനും സമയബന്ധിതമായി പരാതികൾ തീർക്കാനുമുള്ള സംവിധാനം നിർബന്ധമായും ഉണ്ടാകണം. അതിന് ഇന്റേണൽ വിജിലൻസ് സംവിധാനം വളരെയേറെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട ഒഴിവുകൾ നികത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽതന്നെ ഇടപെട്ട ചില വിഷയങ്ങളുണ്ടായിട്ടുണ്ട്. ആ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്ത് നിയമനം നടത്താനുള്ള സംവിധാനങ്ങളില്ലാതെ സമയം വൈകിപ്പിക്കുന്ന പ്രശ്നങ്ങളും പി.എസ്.സി.-യുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ

ഗൗരവമായിട്ടെടുക്കണം. പരീക്ഷാ ചോദ്യപേപ്പറുകളിൽ വരുന്ന തെറ്റുകൾ ഉണ്ടാകാതിരിക്കാൻ കർശനമായ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അതുപോലെ ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണം. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുമായി ബന്ധപ്പെട്ട ആളുകൾ എല്ലാം എം.എൽ.എ.-മാരേയും സമീപിക്കുകയാണ്. നിരവധി ഒഴിവുകളുണ്ടായിട്ടും അത് നികത്താനുള്ള സംവിധാനങ്ങൾ സമയബന്ധിതമായി സ്വീകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ട്രൈബ്യൂണൽ വളരെ സ്ട്രോങ്ങായി ഇടപെടാൻ പറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തണം. ട്രൈബ്യൂണലിന്റെ നിയമനിർമ്മാണം നടത്തുമ്പോൾ ഒരു പ്രധാനപ്പെട്ട കാര്യം ആലോചിക്കേണ്ടത്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിക്കുകയും അതിനായി നിയമനിർമ്മാണം നടത്തുകയും ചെയ്തു. പക്ഷേ, ആ നിയമപ്രകാരം കൃത്യമായി ഒരു നിയമനങ്ങളും നടന്നിട്ടില്ല. ഇപ്പോഴും അത് നീണ്ടുപോയ്ക്കൊണ്ടരിക്കുകയാണ്. അതുപോലുള്ള ഒരു സാഹചര്യം ഈ നിയമനിർമ്മാണത്തിൽ വരാതിരിക്കാനുള്ള ജാഗ്രത കാണിക്കണം. ഈ ആക്ടിന്റെ മൂന്നാം വകുപ്പിൽ 3-ാമത്തെ ഉപവകുപ്പിൽ '(2)-ാം ഉപവകുപ്പ് പ്രകാരം ട്രൈബ്യൂണൽ

പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്:' എന്നു പറയുന്നുണ്ട്. അതിനുശേഷം സർക്കാരിന് അത് ഒഴിവാക്കാനുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യാമെന്നും പറയുന്നുണ്ട്. എന്നാൽ നാലാമത്തെ ഉപവകുപ്പിൽ പറയുന്നത്, 'പബ്ലിക് സർവ്വീസ് കമ്മീഷനും ട്രൈബ്യൂണലും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരം കൂടിയാലോചിക്കുന്ന ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുള്ളപക്ഷം, ട്രൈബ്യൂണൽ ആ സംഗതി സർക്കാരിലേയ്ക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് ' എന്നാണ്. എന്നിട്ട് അതിന്റെ താഴെപ്പറയുന്നു, 'എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.' ഇതുപ്രകാരം മൂന്ന് റഫറൻസാണ് വരുന്നത്. ട്രൈബ്യൂണൽ സർക്കാരിലേയ്ക്കും സർക്കാർ പി.എസ്.സി.-ലേയ്ക്കും പി.എസ്.സി.-ക്ക് എതിരാണെങ്കിൽ അത് വീണ്ടും പിഎസ്.സി.-ക്ക് കൊടുത്ത് റഫർ ചെയ്തിട്ടുവേണം തീരുമാനിക്കേണ്ടത്. ഒരു ടൈം ഫ്രെയിം വച്ചില്ലെങ്കിൽ ഇത് അങ്ങോട്ടുമിങ്ങോട്ടും റഫർ ചെയ്ത് സമയം പോകുകയും റിക്രൂട്ട്മെന്റും മറ്റ് കാര്യങ്ങളും സുഗമമായി

നടക്കാതിരിക്കാനുമുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഒരു നിശ്ചിത കാലയളവിനുള്ളിൽ റഫറൻസ് എടുത്തുകൊണ്ട് തീരുമാനം എടുക്കേണ്ടതാണെന്നുള്ള കൂട്ടിച്ചേർക്കലും കൂടി ഉണ്ടായിരുന്നെങ്കിൽ വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇത്രയും കാര്യങ്ങളാണ് പ്രധാനമായി പറയാനുള്ളത്. പി.എസ്.സി.-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രത്യേകിച്ച് അടിയന്തരമായി ഒഴിവുകൾ നികത്താനും യുവാക്കളുടെ പ്രതീക്ഷകൾ അസ്തമിക്കാതിരിക്കാനുമുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി വീണാ ജോർജ്ജ്</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. സബ്ജക്ട് കമ്മിറ്റി ഈ ബിൽ ആഗസ്റ്റ് 9 -ാം തീയതി പരിഗണിച്ചപ്പോൾ ഭേദഗതി കൂടാതെ ഇത് പാസ്സാക്കി എന്നുകൂടി ഈ അവസരത്തിൽ ശ്രദ്ധേയമാണ്. സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുക എന്ന

വ്യക്തമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സർക്കാരിന്റെ ഇച്ഛാശക്തിക്കുമുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ പ്രതിപക്ഷം ഒളിച്ചോടുകയാണ് ഇന്ന് ചെയ്തതെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഒന്നിൽ കൂടുതൽ ഭരണഘടന സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം ഈ സഭയിൽ നടക്കുമ്പോൾ ആ ചർച്ചയിൽ പങ്കെടുക്കാതെ അവർ മാറി നില്ക്കുന്നത് നമ്മുടെ ജനാധിപത്യത്തോടും കേരള സമൂഹത്തോടും ചെയ്യുന്ന ഒരു ഉത്തരവാദിത്തമില്ലായ്മയായി അതിനെ കാണണമെന്നുകൂടി ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സിവിൽ സർവ്വീസ് ആത്യന്തികമായി ജനങ്ങൾക്കുവേണ്ടിയുള്ളതാണ്.

<u>ശ്രീ. കെ. രാജൻ</u> : കഴിഞ്ഞ ആഗസ്റ്റ് അഞ്ചാം തീയതി പത്തനംതിട്ട, പാലക്കാട് ജില്ലകൾക്കുവേണ്ടി ഒരു എൽ.ഡി.സി. പരീക്ഷ കഴിഞ്ഞത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഈ രണ്ട് പരീക്ഷകളിലും സിലബസിലില്ലാത്ത ചില ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷയിൽ ചോദ്യമായി ഉന്നയിച്ച എന്ന പ്രശ്നം വ്യാപകമായി ഇന്ന് കേരളത്തിൽ ചർച്ച ചെയ്യുകയാണ്. അതിൽ ഏറ്റവും പ്രധാനമായി, ലോക സംഭവ വികാസങ്ങളിൽ, കറണ്ട് അഫയേഴ്സിൽ ഉൾപ്പെടാത്ത വേൾഡ് ഹിസ്റ്ററിയും വേൾഡ് ജോഗ്രഫിയുമായി

ബന്ധപ്പെട്ട് ചോദ്യങ്ങൾ വ്യാപകമായി ചോദിച്ചിരുന്നു. ശ്രീ. പി. മുഹമ്മദ് മുഹസിൻ സൂചിപ്പിക്കാത്ത ഒരു കാര്യമാണ് ഞാൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ട ഒരു പരിശീലന കേന്ദ്രത്തിന്റെ ഗൈഡിലുള്ള ഒരേ പേജിലെ അഞ്ചു ചോദ്യങ്ങൾ പരീക്ഷയ്ക്ക് വന്നതായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ വിഷയം സഭയുടെ മുന്നിൽ സബ്മിഷനായി വരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി നൽകുകയുമുണ്ടായി. ഈ വിഷയം പി.എസ്.സി.-യുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരാതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ള അഭിപ്രായമാണുള്ളത്. സിവിൽ സർവ്വീസ് ആത്യന്തികമായി ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിരഹിതവും സംശുദ്ധമായതും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഫയൽ നടപടികൾ പെട്ടെന്ന് തീർപ്പാക്കാനും സുതാര്യത ഉറപ്പാക്കാനുംവേണ്ടി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതലായി വിശദീകരിക്കുന്നില്ല. മുൻ

ഭരണപരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്ത കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന് എതിർപ്പ് മറികടന്നും നടപ്പിലാക്കുമെന്നുള്ള മുഖ്യമന്ത്രിയുടെ ഇച്ഛാശക്തിയോടെയുള്ള വാക്കുകളെ കേരളത്തിലെ ഫയലുകളിൽ ജീവിതം കുരുങ്ങിയ സാധാരണക്കാരായ പതിനായിരക്കണക്കിനാളുകൾ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. ഇത് വലിയൊരു കാൽവെയ്പാണ്. ഇതിന്റെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ചുള്ള കാര്യങ്ങളാണ്. അതത് സർക്കാരുകൾക്ക് സ്റ്റാഫ് സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതാണെന്ന് 1985-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്ടിൽ വളരെ കൃത്യമായി പറയുന്നുണ്ട്. കോടതികളിൽ കെട്ടിക്കിടക്കുന്ന സർവ്വീസ് സംബന്ധമായ കേസ്സുകൾ മറ്റ് ഇടങ്ങളിലേയ്ക്ക് മാറുന്നുവെന്നുള്ളത് മാത്രമല്ല, സർവ്വീസ് രംഗത്തുള്ളവരുടെ തർക്കങ്ങൾ പതിറ്റാണ്ടുകൾ നീണ്ടുപോകാതെ വളരെ പെട്ടെന്ന് തീർപ്പ് ഉണ്ടാകുന്നുവെന്നുള്ള വസ്തുതയുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. അതിന്റെ മുന്നിൽ നിന്നുകൊണ്ടാണ് സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ നടപടിയുടെ ഭാഗമായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റാഫ് നിയമനം പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട ഈ നിയമനിർമ്മാണത്തെ നാം

കാണേണ്ടത്. പി.എസ്.സി.-യെ സംബന്ധിച്ച് നിരവധി വിഷയങ്ങൾ സൂചിപ്പിക്കുകയുണ്ടായി. എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, നമ്മുടെ രാജ്യത്തിലെ ഏറ്റവും വലിയ റിക്രൂട്ടിംഗ് സ്ഥാപനമാണ് പി.എസ്.സി. കേരള നവോത്ഥാനത്തിന്റെ ഭാഗമായി വേണം നാം പി.എസ്.സി. -യുടെ ആവിർഭാവത്തെ കാണാൻ. ഇപ്പോൾ പരദേശികളിൽനിന്ന് നിയമനം, സർക്കാർ ഉദ്യോഗം സവർണ്ണരിലേയ്ക്ക് എത്തിച്ച മലയാളി മെമ്മോറിയലിനുശേഷം, അത് നാനാജാതി മതസ്ഥരിലേയ്ക്ക് എത്തിച്ച ഈഴവ മെമ്മോറിയലിനുശേഷം 1936-ൽ ആക്ടിന്റെ പിൻബലത്തോടെയാണ് തിരുവിതാംകൂറിലും കൊച്ചിയിലും സ്റ്റാഫ് സെലക്ഷൻ ബോർഡും ഇപ്പോഴത്തെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആദ്യത്തെ രൂപമായ പബ്ലിക് സർവ്വീസ് കമ്മീഷനും രൂപീകൃതമായത്. അതിനുശേഷം കേരള സംസ്ഥാനം രൂപീകൃതമായതോടുകൂടി 1956-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽ വരികയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളത്തിന്റെ ഉയർന്ന സാമൂഹ്യബോധത്തിന്റെയും നീതിബോധത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ പി.എസ്.സി.-യെ സംബന്ധിച്ച് ധാരാളം പ്രതീക്ഷകളുണ്ട്. നാളിതുവരെ വലിയൊരളവിൽ ഇതിനോട് ഉത്തരവാദിത്വം പുലർത്താൻ, സത്യസന്ധത കുറേ അളിവിലെങ്കിലും പുലർത്താൻ പി.എസ്.സി.-ക്ക് കഴിഞ്ഞുവെന്നുള്ളത് നാം

കണ്ടെത്തുണ്ട്. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ, പി.എസ്.സി.-യിലെത്തിയ അപേക്ഷകളുടെ എണ്ണത്തേക്കാൾ 51 ശതമാനം അധികമായിരുന്നു 2011 മുതൽ 2016 വരെയുള്ള കാലഘട്ടം. എന്നാൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാളും വളരെ കുറവ് അഡ്വൈസ് മെമ്മോ മാത്രമേ ഇക്കാലയളവിൽ അയച്ചിട്ടുള്ളൂ. അതായത്, പിൻവാതിൽ നിയമനങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൂടുതൽ നടന്നുവെന്നുള്ളതിന്റെ തെളിവായി നമുക്ക് അതിനെ കാണാവുന്നതാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുവഴി വലിയൊരു ഇടപെടൽ സിവിൽ സർവ്വീസ് രംഗത്തുണ്ടാക്കാനും അതിന്റെ കാര്യക്ഷമത ഉറപ്പാക്കാനും സാധിക്കും. ഈ നിയമനിർമ്മാണം അതിന് സഹായകമാകുമെന്നതിൽ തർക്കമില്ല. പൂർണ്ണമായും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ വിശദമായി ചർച്ച ചെയ്തതാണ്. ഇപ്പോൾ അത് കൂടുതൽ ഞാൻ വിശദീകരിക്കുന്നില്ല. കാലതാമസം ഉണ്ടാകുന്നുവെന്നുള്ളതാണ് പി.എസ്.സി.-യുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നം. അത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ പൊതുവേ സ്വീകരിക്കേണ്ടതായുണ്ട്.

അത് അവരുടെ ഭാഗത്തുള്ള കാര്യങ്ങൾ കൂടി കേട്ട് സർക്കാർ ചില നടപടികൾ ചെയ്ത് കൊടുക്കേണ്ടതായുണ്ട്. അത്തരം കാര്യങ്ങൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ വേഗതയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികളിലേയ്ക്കാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് പബ്ലിക് സർവ്വീസ് കമ്മീഷനെ ഒരു ചുമതലകൂടി നമ്മൾ ഏൽപ്പിക്കുന്നതാണ്. ഏതായാലും പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പിന്തുണ സർക്കാർ നൽകും. ഇക്കാര്യവും നമുക്ക് പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുക തന്നെ ചെയ്യാമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: താഴെപ്പറയുന്ന കാരണങ്ങളാൽ ഇനിയുള്ള ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

164, 166, 167, 168 എന്നീ ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്ക് തുല്യവും 179-ാം നമ്പർ ഭേദഗതി 189-ന് തുല്യവുമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3(2)(ബി)-ൽ "തത്വങ്ങളിന്മേലും " എന്നത് "തത്ത്വങ്ങളിലും" എന്ന് മാറ്റുക.

178. ഖണ്ഡം 3(3)- ന്റെ ക്ലിപ്തനിബന്ധനയിൽ "സംഗതികൾ" എന്നതിനു പകരം "കാര്യങ്ങൾ" എന്നു ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച 161, 178 എന്നീ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**നാലാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

204. ഖണ്ഡം 4 (3) -ൽ "തുടർച്ചയായി" എന്നത് "തുടർച്ചയായുള്ള" എന്ന് മാറ്റുക.

210. ഖണ്ഡം 4(3)-ൽ "ചെയ്ത" എന്നത് "ചെയ്തിട്ടുള്ള" എന്ന് മാറ്റുക.

213. ഖണ്ഡം 4(3)-ൽ "ഭംഗംവരാത്ത" എന്നത് "ഭംഗം വരാത്ത" എന്ന് മാറ്റുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച 204, 210, 213 എന്നീ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

219. ഖണ്ഡം 5 (2)-ൽ "ഈ വകുപ്പിൻ കീഴിൽ" എന്നതിനു പകരം "(1)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച 219-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

മി. സ്പീക്കർ: 105-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാലും 119-ാം നമ്പർ ഭേദഗതി 120-നും 128-ാം നമ്പർ ഭേദഗതി 127-നും സമാനമായതിനാലും ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ സംസാരിച്ചില്ല)

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനന് 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റിക്ക് ഈ ബിൽ അയയ്ക്കുന്നതിനുമുമ്പുള്ള ചർച്ചയിൽ ഞാൻ പങ്കെടുത്തിരുന്നു. മദ്യവർജ്ജനം തീവ്രയജ്ഞമാക്കിയ ഈ സർക്കാരിന്റെ ഉദ്ദേശശുദ്ധിയുടെ ആവിഷ്കാരമാണ് ഈ ബിൽ. അതുകൊണ്ട് ഈ ഭേദഗതികളെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ചില വിയോജനക്കുറിപ്പുകളുണ്ടായിരുന്നു. രേഖയിൽ വരണമെന്നുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. രാജ്യത്തെ ഭരണഘടനാ സ്ഥാപനം എന്ന നിലയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ശക്തിപ്പെടുത്തിയത്. ഭരണഘടനാ ഭേദഗതിയുടെ അന്തഃസത്ത യഥാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചത് കേരളമാണ്. അധികാര വികേന്ദ്രീകരണം വഴി കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ് ഇത് സാധ്യമാക്കിയത്. ഭരണഘടനയുടെ 11-ഉം 12-ഉം പട്ടികയിൽ പ്രതിപാദിക്കുന്ന

വിഷയങ്ങളാണ് നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടത്. ഭരണഘടനാപരമായി തദ്ദേശസ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കാൻ നിഷ്കർഷിച്ചിട്ടുള്ളതും കൂടുതൽ വിഷയങ്ങളും ഉണ്ടും ഇടതുപക്ഷ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതും ഇതിന്റെ ഭാഗമായിട്ടാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്ന ലക്ഷ്യം മാതൃകാപരമായി കൈവരിച്ച സംസ്ഥാനമാണ് കേരളം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സമിതികളിൽ 33% സംവരണം സ്ത്രീകൾക്ക് നീക്കിവച്ചാൽ മതിയെന്നായിരുന്നു തീരുമാനിച്ചതെങ്കിലും 50% സംവരണം സ്ത്രീകൾക്ക് നീക്കിവച്ചത് കേരളമാണ്. ഇതുവഴി സ്ത്രീകളെ തുല്യ പദവിയോടെ ഭരണപങ്കാളിത്തത്തിലേയ്ക്ക് എത്തിക്കുകയും സ്ത്രീശാക്തീകരണം ദ്രുതഗതിയിലാക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ എക്കാലവും സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ നടത്തുന്ന ഭേദഗതിയിലൂടെ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ അധികാരങ്ങൾ കവർന്നെടുക്കുന്നില്ല. അബ്കാരി ഷോപ്പുകളിന്മേലുള്ള നിയന്ത്രണം ഭരണഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ട വിഷയമല്ല. അപ്രകാരം നിയന്ത്രണം നൽകിയതുവഴി സംസ്ഥാനത്തുടനീളം ഏകീകൃതമായ അബ്കാരി നയം

നടപ്പിലാക്കാൻ തടസം നേരിട്ടു. അബ്കാരി ഷോപ്പുകൾ നിയന്ത്രിക്കാൻ സമഗ്രമായ നിയമം നിലവിലുള്ളപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അതിന്റെ അധികാരമേൽപ്പിക്കുന്നത് യഥാർത്ഥത്തിൽ ഇരട്ടനിയന്ത്രണമുണ്ടാകുന്നതിനും അതുവഴി ഏകീകൃത അബ്കാരി നയം നടപ്പിലാക്കാൻ പ്രയാസം നേരിടുകയും ചെയ്യുന്നുവെന്നതാണ് ഫലത്തിലുണ്ടായത്. ഇത് പഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചു. മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഘട്ടം ഘട്ടമായി മദ്യപാന ശീലത്തിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുകയെന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. ആത്യന്തികമായി മദ്യനിരോധനം തന്നെയാണ് ലക്ഷ്യം. തെരഞ്ഞെടുപ്പ് കാലത്ത് പ്രകടനപത്രികയിലൂടെ ജനങ്ങളോട് പറഞ്ഞതും അതുതന്നെയാണ്. ജനവിധിയും ഈ നയത്തിന് അനുകൂലമായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ഷോപ്പുകളുടെയും ഇപ്പോഴത്തെ ഷോപ്പുകളുടെയും എണ്ണം പരിശോധിച്ചാൽ ഒരു രൂപത്തിലും ഷോപ്പുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ലെന്ന് കാണാം. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ളതിനേക്കാൾ ഏകദേശം 1659 ഷോപ്പുകൾ (വിദേശമദ്യ ഷോപ്പുകളും ടോഡി ഷോപ്പുകളുമുൾപ്പെടെ) കുറഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എഫ്.എൽ.1 ഇരുപത്തിയഞ്ചും ടോഡി ഷോപ്പുകൾ ആയിരത്തി ഇരുനൂറ്റി പത്തും

എഫ്.എൽ.11 അഞ്ഞൂറ്റി ഇരുപത്തിയെട്ടും കുറഞ്ഞു. എഫ്.എൽ.3 തൊണ്ണൂറ്റിനാലും എഫ്.എൽ.4 എ ഒമ്പതും എഫ്.എൽ.8 ആറുമാണ്. വർദ്ധിച്ചത് 104-ഉം കുറഞ്ഞത് 1763-ഉം ആണ്. അങ്ങനെ നോക്കുമ്പോൾ 1659 വിദേശമദ്യ ഷോപ്പുകളും ടോഡി ഷോപ്പുകളും കുറയുകയാണ് ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ സ്ഥലത്തും വിദേശമദ്യ ഷോപ്പുകളും ടോഡി ഷോപ്പുകളും കൂടി എന്നുള്ള പ്രചരണം നാട്ടിലുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് പറയാൻ നിർബന്ധിക്കപ്പെട്ടത്. ഇതിൽ പഞ്ചായത്ത് രാജ് ഭേദഗതി 232 സബ്ക്ലോസ് 2, 3 , 4, 5 ആണ് ഡിലീറ്റ് ചെയ്തത്. യഥാർത്ഥത്തിൽ 1994-ൽ ഒറിജിനൽ പഞ്ചായത്ത് രാജ് ആക്ടിൽ, അതായത് 73 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഈ നിയമം വരുമ്പോൾ 2, 3, 4 ക്ലോസുകളുണ്ടായിരുന്നു. 1999-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 232-ലെ സബ് സെക്ഷൻ 2, 3, 4 ഒഴിവാക്കി. 2013-ൽ വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് പുനഃസ്ഥാപിക്കുകയാണ് ചെയ്തത്. 1999 മുതൽ 2013 വരെ ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. 25.11.2012 മുതൽ പ്രാബല്യവും കൊടുത്തു. അങ്ങനെവരുമ്പോൾ 25.11.2012-ന് മുമ്പ് ആ പഞ്ചായത്തുകളിൽ സ്ഥാപിക്കപ്പെട്ട വിദേശ മദ്യ ഷാപ്പുകൾ ആയാലും ടോഡി ഷാപ്പുകൾ ആയാലും ഇത് ബാധകമാകുന്നില്ല. ഒരു പഞ്ചായത്തിൽതന്നെ വിവിധ രൂപത്തിലുള്ള രീതിയും

ഡ്യുവൽ അക്കൗണ്ടബിലിറ്റിയും വരികയാണ്. സംസ്ഥാനത്തൊട്ടാകെ ഒരു ഏകീകൃത സ്വഭാവമില്ലാതാകുന്നു. സ്വാഭാവികമായും ഇതുണ്ടാക്കുന്ന ഒരു സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനാണ് ഭേദഗതി നിയമം കൊണ്ടുവരുന്നത്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയിട്ടുള്ള അധികാരത്തെ കവർന്നെടുക്കുന്നതിനുവേണ്ടിയാണെന്ന വ്യാജപ്രചരണം നടത്താൻ സാധ്യതയുള്ളതിനാലാണ് ഞാൻ ഇതിവിടെ പറയാൻ നിർബന്ധിതനായത്. പഞ്ചായത്ത് രാജ് നിയമത്തിലെ 2, 3, 4 ,5 ക്ലോസ്സുകളിൽ പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾ അബ്കാരി ആക്ട് കൊണ്ട് നിർവ്വഹിക്കാൻ കഴിയുന്നതാണ്. 232 (2) വകുപ്പുപ്രകാരം പഞ്ചായത്ത് സെക്രട്ടറിക്കാണ് അധികാരം നൽകുന്നത്. അതേ അധികാരം അബ്കാരി ചട്ടം 13 പ്രകാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കും നൽകുന്നുണ്ട്. അതുപോലെ സ്കൂൾ, ആരാധനാലയം എന്നിവയുടെ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. ടോഡി ഷാപ്പിന് 200 മീറ്ററും വിദേശ മദ്യഷാപ്പിന് 400 മീറ്ററുമാണ് ദൂരപരിധി. 2002-ലെ അബ്കാരി ഷാപ്പ് ഡിസ്പോസൽ റൂൾ ചട്ടം 7-ഉം ഇത് അനുശാസിക്കുന്നുണ്ട്. എക്സൈസ്സിനും ഇതുതന്നെ ചെയ്യാൻ കഴിയും. പൊതുജന ശല്യം, സാൻമാർഗ്ഗിക പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അബ്കാരി ഷാപ്പ് അടച്ചുപൂട്ടുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം ഫോറിൻ ലിക്വർ ചട്ടം 24

പ്രകാരം ലൈസൻസിംഗ് അതോറിറ്റിക്കുള്ളതാണ്. പ്രത്യേക സാഹചര്യത്തിൽ ജില്ലാ കളക്ടർമാർക്കും ഈ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഒരേ ഇഷ്യൂവിൽ രണ്ട് നിയമം ഒരു പ്രദേശത്ത് ഉണ്ടാക്കുന്നത് ഒരു confrontation ഉണ്ടാക്കും; അത് പല സ്ഥലങ്ങളിലും വന്നുകഴിഞ്ഞു. അതിന്റെ ഭാഗമായാണ് ഈ ഭേദഗതി കൊണ്ടുവരാൻ നിർബന്ധിക്കപ്പെട്ടത്. അധികാര വികേന്ദ്രീകരണത്തെയും ജനകീയാസൂത്രണത്തെയും ഏറ്റവും ശക്തമായി പ്രോത്സാഹിപ്പിച്ച ഇടതുപക്ഷപ്രസ്ഥാനം പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അധികാരം എടുത്തുകളയുന്ന എന്ന രീതിയിലാണ് വിയോജനക്കുറിപ്പ് വന്നത്. അതിന്റെ അടിസ്ഥാനത്തിലും റിക്കോർഡിൽ വരണമെന്നുള്ളതുകൊണ്ടുമാണ് ഞാൻ ഇത്രയും പറയുന്നത്.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത്

രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പ് തിരിച്ചുള്ള പരിഗണന**

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 139-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മി. സ്പീക്കർ : പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ._ബാലന് സബ്ജക്ട്

കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## (iii) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

മി. സ്പീക്കർ : പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ._ബാലന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയിരുന്ന സർവ്വശ്രീ മഞ്ഞളാംകുഴി അലി, അനിൽ അക്കര, പി. ഉബൈദുള്ള, കെ.എസ്. ശബരീനാഥൻ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജനം രേഖപ്പെടുത്തിയില്ല.)

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. കെ. ദാസൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി

ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയാത്ത ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. മദ്യലഭ്യത കൂടുകയും നാട്ടിൽ നിലനിൽക്കുന്ന സാമൂഹിക അന്തരീക്ഷവും ശാന്തിയും കുടുംബ സമാധാനം തകരുകയും വാഹനാപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിലാണ് ഭേദഗതി നിർദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ ഇത് വസ്തുതയുമായി പൊരുത്തപ്പെടുന്നതല്ല. ദേശീയ പാതയിൽ അബ്കാരി ഷാപ്പുകൾ വേണ്ടെന്ന തീരുമാനമെടുത്തപ്പോൾ അതിന്റെ ഭാഗമായി കേരളത്തിൽ 1956 വില്പന ശാലകളാണ് സമ്പൂർണ്ണമായി അടച്ചുപൂട്ടിയത്. ഈ ഷാപ്പുകൾ പുതിയ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് ഉദ്ദേശിച്ചാലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമാണ്. അനുമതിയോടുകൂടി മാറ്റിസ്ഥാപിക്കാൻ പോയാൽ അവിടെയുള്ള ആളുകളുടെ കടുത്ത എതിർപ്പ് ഉണ്ടാകും. ഒരുതരത്തിലും ഷാപ്പുകൾ മാറ്റിസ്ഥാപിക്കാൻ കഴിയാതെവന്നപ്പോൾ ഷാപ്പുകളിൽ ജോലി ചെയ്തിരുന്ന 20000-ത്തോളം തൊഴിലാളികൾ ഇന്ന് അന്തിപ്പട്ടിണിയിലാണ്. അവർക്ക് പരിരക്ഷയും സംരക്ഷണവും കൊടുക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. നിയമനിർമ്മാണത്തിന്റെ ആവശ്യകതയും ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിലാണ് സർക്കാർ മുൻകയ്യെടുത്ത് ഭേദഗതി നിർദ്ദേശിക്കുന്നത്. താലൂക്കിലോ റെയ്ഞ്ചിലോ സ്ഥലം ലഭ്യമാവുകയാണെങ്കിൽ അവിടെയെല്ലം ഷാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ നൽകേണ്ടതില്ല. സർക്കാർ തന്നെ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ളത് നല്ല കാര്യമാണ്. ദേശീയ പാതയുടെയും സംസ്ഥാന പാതയുടെയും ഓരങ്ങളിൽ നിന്ന് അര കിലോമീറ്റർ വിട്ട് ഷാപ്പ് സ്ഥാപിക്കണമെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ സംസ്ഥാനത്തിന്റെ വാർഷിക വരുമാനത്തിൽ വലിയ കുറവാണ് അനുഭവപ്പെട്ടത്. പദ്ധതിക്ക് വേണ്ട പണം സമാഹരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ നാം പ്രതീക്ഷിച്ച വരുമാനത്തിൽ ഏതാണ്ട് 5,000 കോടി രൂപയുടെ നഷ്ടമാണ് ഇതിന്റെ ഭാഗമായി ഉണ്ടാകുന്നതെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അത്രയും ഭീമമായിട്ടുള്ള സാമ്പത്തിക നഷ്ടം ഉണ്ടകുന്നുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ ഉണ്ടാകുന്ന ഇടിവ് നാം കാണേണ്ടതായുണ്ട്. തൊഴിലാളികളുടെ പുനരധിവാസം കീറാമുട്ടിയായി നിൽക്കുകയാണ്. ഭൂരിപക്ഷം മദ്യശാലകളും അടച്ചതോടുകൂടി കേരളത്തിൽ നിയമ സമാധാനത്തിന്റെ പ്രശ്നങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. പക്ഷേ തുറന്ന

ഷാപ്പുകൾക്ക് മുന്നിൽ ക്യൂ നിൽക്കുന്നത് പ്രശ്നമായി നിൽക്കുകയാണ്. നീണ്ട വരിയാണ് എല്ലാ ഷാപ്പുകളുടെ മുമ്പിലുമുള്ളത്. നേരത്തെ ഇത്രയും ഷാപ്പുകൾ ഉണ്ടായിരുന്നപ്പോൾ ഈ പ്രശ്നം ഉണ്ടായിരുന്നില്ല. ഇതൊരു ആശങ്ക ഉണ്ടാക്കുന്ന കാര്യമാണ്. സംസ്ഥാനത്തെ അബ്കാരി കേസ്സുകളിൽ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 100 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ അബ്കാരി കേസ്സുകളുടെ മൊത്തം കണക്കെടുത്തുനോക്കിയപ്പോൾ 35 ശതമാനത്തിന്റെ വർദ്ധനവ് ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഏതാണ്ട് 67 ശതമാനവും കോട്പ കേസ്സുകളിൽ 170 ശതമാനത്തിന്റെയും വർദ്ധനവ് ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. പാതയോരത്തെ മദ്യശാലകൾ പൂട്ടുന്നതിനുള്ള തീരുമാനം വന്നപ്പോൾ അതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ വലിയ രീതിയിൽ പെരുകുകയല്ല ഉണ്ടായത്, നിയമ സമാധാനം സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള അന്തരീക്ഷം ഉണ്ടായിട്ടുണ്ടെന്ന് തന്നെയാണ് കാണുന്നത്.  ഈ മാഫിയകളുടെ പ്രവർത്തനം നേരത്തെ സജീവമായി വരികയും ഈ ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുകയും പരിശോധന കർശനമാക്കുകയും ചെയ്തതിന്റെ ഭാഗമായി അതിനെ ച്ചുവിലങ്ങിടാൻ

സാധിച്ചു. ഈ ഓണക്കാലത്തിനുമുമ്പുതന്നെ എല്ലാ റെയ്ഞ്ചുകളിലും അഡൈ്വസറി കമ്മിറ്റികൾ രൂപീകരിച്ച് ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് വിശദമായ ഒരു റിപ്പോർട്ട് വാങ്ങുകയും അതിന്റെ ഭാഗമായി റെയ്ഡുകളും വല്ലപ്പോഴുമുണ്ടാകുന്ന പരിശോധനകളിൽനിന്ന് മാറി സജീവമായി മുക്കുംമൂലയുമെല്ലാം അരിച്ചുപെറുക്കി നടത്തുന്ന പരിശോധനയായതുകൊണ്ട് വ്യാജ മദ്യത്തിന്റെ ഒഴുക്ക് കുറയുകയും വ്യാജ മദ്യത്തിന്റെ ഭാഗമായിട്ടുള്ള അധോലോകങ്ങൾ കുറയുകയും നിയമസമാധാന രംഗങ്ങളിൽ ഉണർവ്വുണ്ടാക്കാൻ കഴിയുന്ന തരത്തിൽ കാര്യങ്ങൾ മാറിയിട്ടുണ്ട്. എക്സൈസിന്റെ കർശന പരിശോധന അതിർത്തികളിൽ കൂടുതൽ ശക്തമായി നടത്തേണ്ടതുണ്ട്. അതിർത്തികളിലാണ് ഇതിനാവശ്യമായ കാര്യങ്ങളുള്ളത്. എനിക്കൊരു അഭ്യർത്ഥനകൂടിയുണ്ട്. ബ്രിട്ടീഷുകാരാൽ ഉണ്ടാക്കപ്പെട്ട അബ്കാരി നിയമത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. 200 വർഷങ്ങൾക്കുമുമ്പുള്ള ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ചാണ് ഇപ്പോൾ ചെറിയ ഭേദഗതികൾ കൊണ്ടുവരുന്നത്. അബ്കാരി നിയമത്തിൽത്തന്നെ പൊളിച്ചെഴുത്തുവരുത്തി കാലോചിതമായി, കാലത്തിനനുസരിച്ചുള്ള ഭേദഗതികൾ ചേർത്തുകൊണ്ട് സമഗ്രമായ ഒരു ധാരണയോടുകൂടി ഒരു അബ്കാരി നിയമം ഇനിയെങ്കിലും നമുക്കുണ്ടാവേണ്ടതുണ്ട് എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ സർക്കാർ

കൊണ്ടുവന്ന ഭേദഗതിയെ ഞാനംഗീകരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 6 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ പറഞ്ഞ കാര്യങ്ങളെല്ലാം ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കേണ്ടതാണ്. എന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള പർവ്യൂവിൽ വരുന്നതല്ല. അതുകൊണ്ട് എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നില്ല. ഒരു കാര്യം വ്യക്തമാണ്. കേരളത്തിന്റെ ട്രഷറിയുടെ ഭാഗമായി വരേണ്ടുന്ന കുറേ പണം ഇതിന്റെ ഭാഗമായി നഷ്ടപ്പെടും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 3500-5000 കോടി രൂപയുടെ റവന്യൂ വരുമാനം പ്രതീക്ഷിച്ച ഒരു മേഖലയായിരുന്നു ഇത്. അത് നമ്മുടെ വികസന പ്രവർത്തനങ്ങളെയും ബാധിക്കും. ഇപ്പോൾത്തന്നെ 1210-ഓളം കള്ളുഷാപ്പുകൾ അടച്ചുപൂട്ടേണ്ട സ്ഥിതിയാണുണ്ടാകുന്നത്. ഇതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന

തൊഴിലാളികളുടെ പ്രശ്നമുണ്ട്. അതോടൊപ്പംതന്നെ അവരെ പുനരധിവസിപ്പിക്കേണ്ട പ്രശ്നമുണ്ട്. അതൊക്കെ ഗൗരവ്വമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. വ്യാജമദ്യം അനുബന്ധമായിട്ടുള്ള അധോലോകത്തിനെതിരായി ശക്തമായ നിലപാടാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്. വളരെ കാലപ്പഴക്കമുള്ള ഒരു നിയമമാണ് എക്സൈസ് നിയമം. 200 കൊല്ലത്തെ പഴക്കമുണ്ട്. അത് കാലോചിതമായി പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ച് ചെയ്യേണ്ടതാണ്. ഇവിടെ നേരത്തെ ഞാൻ സൂചിപ്പിച്ച പഞ്ചായത്ത് രാജ് ഭേദഗതിക്ക് സമാനമായുള്ള വകുപ്പുകളാണ് മുനിസിപ്പാലിറ്റി ആക്ടിലുമുള്ളത്. പഞ്ചായത്ത് രാജ് ആക്ടിലെ 232-ന് കറെസ്പോണ്ടിംഗായിട്ടുള്ള സെക്ഷൻ ഇവിടെ 447 ആണ്. സബ് സെക്ഷൻ 2, 3, 4 എന്നിവയ്ക്കുപകരം ഇവിടെയുള്ളത് 7, 8, 9 എന്നിവയാണ്. അപ്പോൾ നേരത്തെ ഞാൻ സൂചിപ്പിച്ച കാര്യം തന്നെയാണ് പറയുന്നത്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാർത്ഥത്തിൽ രണ്ടുതരത്തിലുള്ള സ്ഥാപനങ്ങൾ വരികയാണ്. ഒന്ന്, പഞ്ചായത്തുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഇടപെടലും മറ്റൊന്ന് എക്സൈസ് വകുപ്പിന്റെ ഇടപെടലും. സ്വാഭാവികമായും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലുണ്ടാകുന്ന ഈ പ്രശ്നം അവിടെയുള്ള വികസന പ്രവർത്തനങ്ങളെയും ബാധിക്കും. മുനിസിപ്പാലിറ്റിയ്ക്കുള്ളിൽ

ഒരു ഏകീകൃതമായ നിയമമില്ലാത്ത സ്ഥിതിയുമുണ്ടാകും. രണ്ടുതരത്തിലുള്ള ഉത്തരവാദിത്വം ഉദ്യോഗസ്ഥർക്ക് വരികയാണ്. മാത്രമല്ല പ്രതിബദ്ധതയും രണ്ടുതരത്തിൽ വരികയാണ്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തതുപോലെതന്നെ മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്യാൻ നിർബന്ധിതമാകുകയാണ്. മാത്രമല്ല മുനിസിപ്പൽ പ്രദേശത്ത് യു.ഡി.എഫ്. കൊണ്ടുവന്ന നിയമത്തിന്റെ ഭാഗമായി 2012 നവംബർ 25-ന് മുമ്പുള്ള ഷാപ്പുകൾക്കൊന്നും ഒന്നും ചെയ്യാൻ സാധിക്കില്ല. എന്നാൽ 2012-ന് ശേഷമുള്ളതിന് മുനിസിപ്പാലിറ്റിക്ക് ഇഷ്ടംപോലെ ചെയ്യാൻ സാധിക്കും. ഈ തരത്തിൽ മുനിസിപ്പാലിറ്റികളിൽത്തന്നെ ഏകീകൃതമായി ഇത് നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. അതുകൊണ്ടാണ് 447-ൽ 7, 8, 9 ഒഴിവാക്കാൻ തീരുമാനിച്ചത്. അതിന്റെ തത്തുല്യമായിട്ടുള്ളതാണ് ഇതിൽ പ്രാബല്യത്തിൽവരുന്ന തീയതി. അതും ഒഴിവാക്കുകയാണ്. അതിന്റെ അനുബന്ധമായി വരുന്ന വിശദീകരണവും ഒഴിവാക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ, അങ്ങയുടെ 2 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, അങ്ങയുടെ 6 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.